## എളംകുളം ചാപ്പൽ പെരുന്നാൾ





ഒക്ടോബർ 22-ാം തീയതി ഞായറാഴ്ച എളംകുളം ചാപ്പലിൽ പരി. പരുമല തിരുമേനിയുടെ പെരുന്നാൾ ഭക്ത്യാദരവുകളോടെ കൊണ്ടാടി.

ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന പെരുന്നാൾ ഏറ്റു നടത്തിയത് ശ്രീ. എഡ്വിൻ പുന്നൂസും കുടുംബവുമായിരുന്നു.





## സംയുക്ത പ്രാർത്ഥനായോഗം





കത്തീഡ്രലിൽ സംയുക്ത പ്രാർത്ഥനായോഗം ഒക്ടോബർ 30ന് 4മണിക്ക് നടന്നു. റവ. ഫാ. റെജി മാത്യൂസ് സന്ദേശം നൽകി.

### പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 05-11-2017 - 4 pm**
ശ്രീ. **തോമസ് വി.എം.**
ഷൈൻ വില്ല, ടാഗോർ സ്ട്രീററ് ദേശാഭിമാനി റോഡ്, കലൂർ Ph: 2538508

**St. Marys Unit (Central Area) 12-11-2017 - 4 pm**
ശ്രീ. **ജോർജ്ജ് മാത്യൂ എം.**
എം.എം. ഗാർഡൻസ്, ചർച്ച് ലാന്റിങ്ങ് റോഡ്, കൊച്ചി - 16
Ph: 2361147, Mob: 8606128800

**St. Thomas Unit (North-Pachalam Area) 19-11-2017 - 4 pm**
ശ്രീ. **ജോർജ്ജ് പി.ടി.**
പൊറത്തൂർ ഹൗസ്, മാർക്കറ്റ് റോഡ്, കോമ്പാറ, എറണാകുളം
Ph: 2390473, Mob: 9388890473

**St. Gregorios Unit (Elamkulam-Kadavanthra Area) 26-11-2017-4 pm**
ശ്രീ. **തോമസ് ജി.**
1-കൃഷ്ണ വിഹാർ, പനമ്പിള്ളി നഗർ കൊച്ചി - 36
Ph: 2311858, Mob: 9446210728






Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490




# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 11 ISSUE : 11 NOVEMBER 2017


## മാർ തെയോഫിലോസ് ദൈവത്തിന്റെ സ്നേഹിതൻ

*ഫാ. ബിജു പി. തോമസ്*

മലബാർ ഭദ്രാസനാധിപൻ ഡോ. സക്കറിയ മാർ തെയോഫിലോസ് (65) ഒക്ടോബർ 24-ാം തീയതി കാലം ചെയ്തു. പരിശുദ്ധ കാതോലിക്ക ബാവയും മറ്റു മെത്രാപ്പോലീത്തമാരും അന്ത്യ സമയത്ത് തിരുമേനിയുടെ അടുത്ത്, എം.വി.ആർ. കോഓപ്പറേറ്റീവ് ആശുപത്രിയിൽ ഉണ്ടായിരുന്നു.



വി. ലൂക്കോസ് തന്റെ രണ്ടു രചനകളിലും, സുവിശേഷവും, അപ്പോസ്തല പ്രവൃത്തികളും അഭി സംബോധന ചെയ്യുന്നത്, "തെയോഫിലോസേ" എന്ന് പറഞ്ഞുകൊണ്ടാണ്. തെയോഫിലോസ് (Theophilus-Theos+Philia) എന്ന ഗ്രീക്കു പദത്തിനർത്ഥം "ദൈവത്തിന്റെ സ്നേഹിതൻ" എന്നാണ്. പൊതുവെ, പേരിന്റെ അർത്ഥവും ജീവിതവും പരസ്പരം ചേർന്ന് പോകുന്നത് വളരെ ചുരുക്കമാണ്. ദൈവത്തെ അതിന്റെ ആഴത്തിൽ അറിയുകയും സ്നേഹിക്കുകയും, ആശ്രയിക്കുകയും ചെയ്ത "ദൈവത്തിന്റെ സ്നേഹിതന"ായിരുന്നു കാലം ചെയ്ത മലബാർ ഭദ്രാസനാധിപൻ ഡോ.സക്കറിയ മാർ തെയോഫിലോസ് തിരുമേനി. ദൈവ-മനുഷ്യബന്ധത്തിലെ ഉയർന്ന ഒരു അവസ്ഥയായിട്ടാണ് ദൈവത്തിന്റെ സ്നേഹിതനാകുക എന്ന ദിവ്യാനുഭവം. യേശു ക്രിസ്തു പറയുന്നു, ഇനി ഞാൻ നിങ്ങളെ ദാസൻമാർ എന്നു വിളിക്കുന്നില്ല, സ്നേഹിതൻമാർ എന്നു വിളിക്കുന്നു.

എന്നിട്ടും എന്തുകൊണ്ട് കഠിന രോഗം, ദുഃഖം, കഷ്ടത? ദൈവത്തിന്റെ ഉററ സ്നേഹിതനായിട്ടും കഷ്ടതയായിരുന്നല്ലോ? ന്യായമായ സംശയമാണ്. ജഢപരമായും ആത്മീയമായും സ്നേഹത്തിന്റെ ആവശ്യകതയും പ്രസക്തിയും വേദനയുടെ ഘട്ടത്തിലാണല്ലോ. "തലോടലിന്റെ സുഖം" വേദനയുടെ അനുഭവത്തിലല്ലേ! "കൂട്ടിരിപ്പ്" വേണ്ടത് വീണു കിടക്കുമ്പോഴല്ലേ? "കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും ക്രിസ്തേശു നായകൻ കൂട്ടാളിയാണ്". കഠിന രോഗം ബാധിച്ച മനുഷ്യരെ കാണുന്നതും കരം പിടിച്ചു ചുംബിക്കുന്നതും പുണ്യം എന്നതാണ് ഒരു ചിന്ത. ടോം ഉഴവനാൽ അച്ചന്റെ കരം മാർപാപ്പ പിടിച്ചു ചുംബിച്ച സാഹചര്യത്തെ ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കുവാൻ. ദൈവം സന്ദർശിച്ച, ദൈവം സ്പർശിച്ച പുണ്യ ജീവിതങ്ങളാണ് കഷ്ടപ്പാട് പേറുന്നവർ. കഷ്ടതയും രോഗവുമാകുന്ന "പുണ്യനദി" നീന്തി തുടിച്ച പുണ്യാത്മാവാണ് തെയോഫിലോസ് പിതാവ്. തെയോഫിലോസ് തിരുമേനി സുസ്മേര വദനനാകുമ്പോഴും മുഖത്ത് ദുഃഖത്തിന്റെ ഒരു നിഴൽഭാവം സ്ഥായിയായി നിലനിന്നിരുന്നു. ഒപ്പം നയനങ്ങളിൽ കരുണയുടെ വെളിച്ചവും. എന്തെങ്കിലും ഭൗതിക പ്രശ്നം ആ നല്ല മനുഷ്യനെ അലട്ടിയിരുന്നതായിട്ട് അറിവില്ല. ലൗകീക സുഖങ്ങളെ സധൈര്യം ത്യജിക്കുവാൻ പ്രാപ്തനാണ് സത്യ സന്ന്യാസി. ഭൂമിയിൽ മനുഷ്യരിൽ ദൈവത്തിന്റെ ദിവ്യമുഖം കാണുവാൻ കരുണാർദ്രമായ മനസ്സുള്ളവർക്ക്, മുഖത്ത് ആഘോഷത്തിന്റെ തിരതല്ലൽ ഉണ്ടാവില്ല എന്ന് പറയുന്നത് എത്ര ശരിയാണ്. പീഢിതരേയും, ദുഃഖിതരേയും, ചൂഷിതരേയും, മർദ്ദിതരേയും, പാർശ്വവൽക്കരിക്കപ്പെട്ടവരേയും സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്ന തിരുമേനിക്ക് സ്വയം സന്തോഷിക്കുവാൻ അറിയില്ലായിരുന്നു എന്ന് പറയുന്നതാകും ശരി.

ഭാഗ്യസ്മരണാർഹരായ പത്രോസ് മാർ ഒസ്ത്താതിയോസ് തിരുമേനിയുടെയും ഗീവർഗ്ഗീസ് മാർ ഒസ്ത്താതിയോസ് തിരുമേനിയുടെയും പരമ്പരയിലാണ് തെയോഫീലോസ് തിരുമേനിയും. M.G.O.C.S.M-ന്റെ ജനറൽ സെക്രട്ടറിയും, വൈസ് പ്രസിഡന്റായും ദീർഘകാലം അഭിവന്ദ്യ തിരുമേനി സേവനം ചെയ്തു. പ.കാതോലിക്ക ബാവയുടെയും സഭയുടെ മെത്രാപ്പോലീത്തമാരുടെയും വലിയൊരു സംഘം വൈദീകരുടേയും നേതൃത്വത്തിൽ കോയമ്പത്തൂരിൽ തടാകം ക്രിസ്തു ശിഷ്യാശ്രമത്തിൽ അദ്ദേഹത്തെ കബറടക്കി. അഭിവന്ദ്യ തിരുമേനി ബാവയോട് ആവശ്യപ്പെട്ടിരുന്നതു പ്രകാരമായിരുന്നു കബറടക്കത്തിന് തടാകം ആശ്രമം തിരഞ്ഞെടുത്തത്. ആശ്രമ സ്ഥാപകരായ ബിഷപ്പ് പെക്കൻഹാം വാൽഷും, പത്നിയും അന്ത്യ വിശ്രമം കൊള്ളുന്നതും ഇവിടെയാണ്. തിരുമേനിയുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും സഭയ്ക്ക് കാവലായിരിക്കട്ടെ■

## ഇടയ ലേഖനം



# ഒരു നിമിഷം നിൽക്ക

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

ജീവിതയാത്രയിൽ ദൈവത്തിന്റെ അരുളപ്പാടും നിയോഗവും അറിഞ്ഞേ മതിയാകൂ. സാമാന്യ ജീവിതത്തിന്റെ പാച്ചിലിൽ അത് എളുപ്പമുള്ള കാര്യവുമല്ല. യാത്രയുടെ വേഗം കുറക്കാതെ തന്നെ ആത്മീകമായ പലതും എത്തിപ്പിടിക്കാൻ ചിലർ വിഫലശ്രമം നടത്താറുണ്ട്. ആവേശമായി പ്രവർത്തിക്കുന്നതിന്റെ പിന്നിൽ ഒരു നിയോഗവും തിരഞ്ഞെടുപ്പും അനിവാര്യമാണ്. അവിടെ ഒരു നിശബ്ദതയും വേഗം കുറക്കലും, ശാന്തതയും കൂടിയെ തീരൂ. കാണാതെ പോയത് കണ്ട് പിടിക്കാൻ കീശ് എന്നയാൾ തന്റെ മകനായ ശൗലിനെയാണ് അയക്കുന്നത്; കാരണം ശൗൽ അന്വേഷണ ബുദ്ധിയുള്ളവനും, മടികൂടാതെ ജോലിചെയ്ത് ശീലിച്ചവനുമായിരുന്നു. കാണാതെ പോയതിനെ അന്വേഷിക്കാൻ 'മടി'യന്മാരെ വിട്ടിട്ട് കാര്യമില്ലല്ലോ. ബുദ്ധിമാന്മാരും ചിന്താശക്തിയുള്ളവരും, മിക്കവാറും എപ്പോഴും 'നല്ല തിരക്കി'ലാകാനാണ് സാധ്യത. അവരെക്കൊണ്ട് പലകാര്യങ്ങളും സാധിക്കാനുമുണ്ടാകും. തിരക്കില്ലെങ്കിലും തിരക്കുനടിക്കുന്ന വിരുതന്മാരുമുണ്ട്! തിരക്കേറിയ നിത്യജീവിതത്തിൽ അല്പം ശാന്തതയും നിശബ്ദതയും ഉണ്ടാകണം. 'ശാബതു്' എന്ന നിബന്ധന 'ന്യായപ്രമാണ'ത്തെക്കാൾ പഴയതാണ്. അത് സൃഷ്ടിയിൽ തന്നെ നിയമമാണ്. ആറ് ദിവസംകൊണ്ട് സൃഷ്ടികർമ്മം പൂർത്തിയാക്കിയ യഹോവ ഏഴാം ദിവസം 'വിശ്രമിച്ചു'. ആ ദിവസത്തെ ശുദ്ധീകരിക്കുകയും ചെയ്തു. പിന്നീട്, മോശമുഖാന്തിരം പത്ത് കല്പന നൽകിയപ്പോൾ, പഴയ ശാബത് നിബന്ധനകൂടാതെ ഉൾപ്പെടുത്തുകയും ചെയ്തു. ശാബത് ആചരിക്കണമെന്നല്ല, 'ശാബതിനെ ശുദ്ധീകരിക്കുവാൻ ഓർക്കുക' എന്നാണ് കല്പന. നേരത്തെ നൽകിയിരുന്ന ആജ്ഞയാകയാൽ, അത് ഓർമ്മ പുതുക്കലുമാണ്.

യഹോവ, ഏഴാം ദിവസം വിശ്രമിച്ചത് തന്റെ സൃഷ്ടിയായ മനുഷ്യനോടൊപ്പമായിരുന്നു. അത് ഒരു വിശുദ്ധ സംസർഗ്ഗം. ദൈവം വിശുദ്ധീകരിച്ച ശാബതിലേക്ക് പ്രവേശിക്കുന്ന മനുഷ്യൻ ശുദ്ധീകരിക്കപ്പെടും. അവിടെ, ദൈവത്തിന്റെ ജീവൻ നൽകുന്ന വചനങ്ങൾ മനുഷ്യനും കേൾക്കും. ആ വചനം വിശുദ്ധി നൽകുന്നതാണ് (യോഹ. 15:3). അത് ശാബതിലെ ഒരു യാത്രയാണ്. ശാന്തതയും മൗനവും, ധ്യാനവും ശൂന്യതയിലാരംഭിച്ച് നിറയുന്ന പ്രകാശത്തിലേക്ക് എത്തിക്കുന്നവയാണ്. മനസ്സും ശരീരവും ശാന്തമാക്കി, ശൂന്യമാക്കി ആരംഭിക്കുന്ന ധ്യാനപ്രയാണം അനശ്വര പ്രകാശത്തിലേക്കും, ദൈവീക വെളിപാടിലേക്കും നയിക്കുമെന്നാണ് യോഗികളുടെ അനുഭവവും. അനുതാപവും, വിനയവും ഒരുക്കവുമാണതിന്റെ രാജപാദ.

ദീർഘ ദർശി ഈശ്വരനിലേക്ക് വഴികാട്ടി നയിക്കുന്നവനാണ്. ദൈവത്തിന്റെ പ്രവാചകനായ ശമുവേൽ, ശൗൽ എന്ന യുവാവിനെ അതിരാവിലെ 'യഹോവയ്ക്കായി ഒരുക്കി കാത്തിരിക്കാ'ൻ (സങ്കീ. 5:3) പഠിപ്പിച്ചു. ഒരുക്കത്തോടെത്തിയ ശൗലിനെ പ്രവാചകൻ അരുളപ്പാടറിയിച്ചു. ധൃതി പിടിച്ച ജീവിതത്തിനിടെ ഒരു ശാന്തത! പിന്നീട് ശൗലിന് ഇത് ശീലമായി മാറിയിരിക്കണം. രാജാവാകുമ്പോൾ, മൗനത്തിന്റെ ആവശ്യം വർദ്ധിക്കുന്നു. ഇത് തന്നെയാകണം ശമുവേൽ ഗോത്രങ്ങളുടെ ഇടയിൽ യിസ്രായേലിന് രാജാവിനെ തിരയുമ്പോൾ ശൗൽ സാമാനങ്ങളുടെ ഇടയിൽ ഒളിച്ചിരിക്കാൻ (1 ശമു. 10:22) ഇടയാക്കിയത്. ദൈവഭയമുള്ളപ്പോൾ ഉയർച്ചയും, ദൈവത്തെ ഉപേക്ഷിക്കുമ്പോൾ വീഴ്ചയും – ഇത് രണ്ടിനും ദൃഷ്ടാന്തമാണ്. ഇസ്രായേലിനെ ഒന്നാമത്തെ രാജാവായ ശൗൽ, അദ്ദേഹത്തിന്റെ 'ശാന്തത' ശീലം അധികനാൾ നീണ്ടുനിന്നില്ല എന്ന് വേണം കരുതാൻ. (1 ശമു. 9:27)

'ഞാൻ നിന്നോട് ദൈവത്തിന്റെ അരുളപ്പാട് അറിയിക്കേണ്ടതിന്, നീ അൽപം നിൽക്ക'. ■

## എഡിറ്റോറിയൽ

# പരിശുദ്ധ പരുമല തിരുമേനി മാർ ഗ്രിഗോറിയോസ് മലങ്കരയുടെ പരിമളം, ലോകത്തിന്റെയും...

ഫാ. സൈമൺ ജോസഫ്



ജീവിച്ചിരിക്കുമ്പോൾ തന്നെ ആരാലും ശ്രദ്ധിക്കപ്പെടാതെ മരിച്ചതിന് തുല്യം ജീവിച്ചിരിക്കുന്നവർ ഉണ്ട്. മരണത്തോടെ വിസ്മരിക്കപ്പെടുന്നവർ ആണ് ഏറെയും. എന്നാൽ ജീവിത കാലത്തും അതിനു ശേഷവും കാലദേശാന്തരത്തിന് അതീതമായി അനുഗ്രഹ പ്രഭ ചൊരിഞ്ഞ് വിശ്വാസികളുടെ, വിവിധ മതസ്ഥരുടെ ഹൃദയത്തിൽ ഇടം പിടിച്ച മലങ്കര ഓർത്തോഡോക്സ് സഭയുടെ മഹാ പരിശുദ്ധൻ പരുമല മാർ ഗ്രിഗോറിയോസ് എന്ന പരുമല തിരുമേനി ഒരു വേള ചിന്തിച്ചാൽ ക്രൈസ്തവ സഭകളിലെ പ്രഥമ വിശുദ്ധൻ.

ഈ പുണ്യപിതാവിന്റെ ഓർമ്മപ്പെരുന്നാൾ സഭയിൽ എല്ലായിടത്തും ഒന്നു പോലെ കൊണ്ടാടുമ്പോൾ ഈ പുണ്യചരിതന്റെ വിശുദ്ധിയുടെ പരിമളം, വിശ്വാസികളുടെ ഹൃദയത്തിൽ ഭക്തിവർദ്ധനവും, ആത്മീയ നിറവും, പുന:സമർപ്പണബോധവും ഉളവാക്കുന്നു എന്നത് ഒരു യാഥാർത്ഥ്യം തന്നെ.

പരുമലയിൽ ഉൽഭൂതമായ ഈ പരിശുദ്ധന്റെ വിശുദ്ധിയുടെ പരിമളം മലങ്കര സഭയുടെ പരിമളം ആയി പരിണമിച്ച് ഇന്ന് ദേശ കാലത്തിന് അപ്പുറമായി സർവ്വ മനുഷ്യരുടെയും പരിമളമായി ഉദിച്ച് ഉയർന്നു, എന്നത് ദൈവ കരുണയുടെ ഉത്തമ നിദർശനം തന്നെ.

***പുതുതലമുറയിൽ ഉൾപ്പെട്ടവർ ഒരു ചോദ്യം ഉന്നയിക്കാതിരിക്കില്ല. ആരാണ് ഈ പരുമല പുണ്യവാളൻ?***

മുളന്തുരുത്തി ദേശത്ത് ചാത്തുരുത്തി കുടുംബത്തിൽ ഒന്നിച്ച് ബാല, കൗമാര, യൗവ്വന ദശകളിൽ പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവയിൽ ഉറ്റിരുന്ന വ്രതനിഷ്ഠനായ ഒരു ഉത്തമ സന്യാസിവര്യൻ. കാലത്തെ അതിജീവിച്ച കർമ്മയോഗി, ദൈവ കരുണ മനുഷ്യരിലേക്ക് പ്രവഹിപ്പിച്ച സ്നേഹത്തിന്റെ വറ്റാത്ത ഉറവ, ത്യാഗവും, സഹനവീര്യം പൂണ്ട ജീവിതം നയിച്ച ഒരു ശ്രേഷ്ഠ മഹാപുരോഹിതൻ.

***എളിമയും വിനയവും തുളമ്പി നിന്ന പരിശുദ്ധൻ***

അർത്ഥ പൂർണ്ണമായ ആരാധന, നോമ്പ്, ഉപവാസാധിഷ്ഠിത ജീവിതചര്യയുടെ ഫലമായി അദ്ധ്യാത്മിക ചൈതന്യം പ്രാപിച്ച ഈ മഹാപുരോഹിതൻ തന്റെ ചുറ്റിലുള്ളവർക്ക് എളിമയുടെ, വിനയത്തിന്റെ പ്രഭ ചൊരിഞ്ഞ് പ്രശോഭിച്ചു എന്നത് ഒരു യാഥാർത്ഥ്യം തന്നെ.

***നവീകരണ കൊടുങ്കാറ്റിനെ പ്രതിരോധിച്ച് സുസ്ഥിര വിശ്വാസത്തിന്റെ കോട്ട കെട്ടിയ മഹാ പരിശുദ്ധൻ***

മലങ്കര സഭയുടെ അടിസ്ഥാന വിശ്വാസ സത്യങ്ങൾ, ആരാധന, പാരമ്പര്യം എന്നിവ നവീകരണ ആശയ പ്രചരണത്തിൽപ്പെട്ട് ആടി ഉലഞ്ഞപ്പോൾ സഭയിൽ അങ്ങോളം ഇങ്ങോളം സഞ്ചരിച്ച് മലങ്കരസഭയുടെ സത്യവിശ്വാസത്തെ ഊട്ടി ഉറപ്പിച്ച വിശ്വാസ സംരക്ഷകനായ പരിശുദ്ധൻ ആണ് മഹാനുഭാവനായ പരുമല പരിശുദ്ധൻ.

***അധഃകൃത പുനരുദ്ധാരണം, പുരോഗമന ചിന്ത എന്നിവ കൈമുതലാക്കിയ പ്രവാചക തുല്യനായ മഹാ പുണ്യവാളൻ***

ജാതി മത ചിന്തയുടെ നീരാളിപ്പിടുത്തത്തിന് വിധേയപ്പെട്ട് മൃഗതുല്യമായ ജീവിതം നയിക്കാൻ നിർബന്ധിതരായ താഴെ തട്ടിൽപ്പെട്ട പാവപ്പെട്ട ആളുകൾക്ക് സ്വാതന്ത്ര്യത്തിന്റെ സ്വച്ഛവായു ശ്വസിക്കാൻ അവസരം ഒരുക്കി. അതിനായി ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും സ്ക്കുൾ, പള്ളി എന്നിവ സ്ഥാപിച്ചും ചരിത്രത്തിന്റെ ഇരുണ്ട വഴികളിൽ പരിവർത്തനത്തിന്റെ, പുരോഗമനത്തിന്റെ വെള്ളി വെളിച്ചം വിതറിയ പൊൻകതിരാണ് ഈ അതി പരിശുദ്ധൻ.





***കഷ്ടത, വേദന ദൈവനാമ മഹത്ത്വത്തിനായി പരിണമിപ്പിച്ച ത്യാഗ കുസുമമായ പുണ്യവാളൻ***

പ്രാർത്ഥനയെ പ്രാണ വായുവായി കണ്ട് വിശ്വാസ സ്ഥിരതയോടും നിരന്തര പ്രാർത്ഥനയോടും ആത്മീയ ശക്തി പ്രാപിച്ച്, ഉറച്ച ദൈവാശ്രയത്തോടെ തന്റെ രോഗത്തെ, വേദനയെ അതിജീവിച്ച് അത് ദൈവഹിതമായി കണ്ട് ദൈവനാമ മഹത്വത്തിനായി പരിവർത്തിപ്പിച്ചു. ഈ മഹാപുണ്യവാളൻ വേദനിക്കുന്നവർക്ക്, കഷ്ടം അനുഭവിക്കുന്നവർക്ക്, രോഗികൾക്ക്, സഹന പോരാട്ടത്തിൽ ആയവർക്ക് കൂട്ടാളിയും ഉത്തമ ആശ്വാസം പ്രദാനം ചെയ്യുന്നവനും ആയി പരിണമിച്ചിരിക്കുന്നു. പരുമലയുടെ മണ്ണിലേക്ക് പതിനായിരങ്ങൾ പ്രാർത്ഥനാ മന്ത്രവും പേറി കടന്നു വരുന്നതിന്റെ രഹസ്യം ഇതു തന്നെ.

ധാരാളിത്വം, ആഡംബരം എന്നിവയിൽ അഭിരമിക്കാൻ സദാ ജാഗരൂകരായിരിക്കുന്നവർക്കും ഒപ്പം പൊതു സമൂഹത്തിൽ, സഭയിൽ, കുടുംബത്തിൽ തന്നെ പ്രധാനികളാകാൻ മത്സരിക്കുന്നവർക്ക് എളിമ, വിനയം, ദൈവാശ്രയ മനോഭാവം, പരപ്രയോജന ജീവിത ശൈലി പിൻതുടരാൻ ശക്തമായ പ്രേരണ പകർന്നു നൽകുന്ന ദൈവത്തിന്റെ ചൂണ്ടു പലകയാണ് ഈ മഹാപുരിശുദ്ധൻ.

ഈ പുണ്യചരിതന്റെ വിശുദ്ധിയുടെ പരിമളം പേറുവാൻ ഈ പെരുന്നാൾ പങ്കാളിത്വം നമ്മുക്ക് സഹായകമാകട്ടെ. പരിശുദ്ധന്റെ മദ്ധ്യസ്ഥതാ സഹായം നമ്മൾക്ക് അനുഗ്രഹം ചൊരിയട്ടെ. ■

## കുടുംബ വിശേഷങ്ങൾ

### മാമോദീസ

എറണാകുളം നോർത്ത് എസ്.ആർ.എം. റോഡ്, പുലികോട്ടിൽ ശ്രീ അഭിൻ പി. ബാബുവിന്റെയും ശ്രീമതി റിൻസി അഭിന്റെയും മകൾ എലിസബത്ത് (**Anciya Abhin**) 07.10.2017 ൽ മാമോദീസാ സ്വീകരിച്ചു.

എറണാകുളം മാർക്കറ്റ് റോഡ് കോമ്പാന പനക്കൽ ശ്രീമതി അമൃത എൽദോയുടെയും ശ്രീ എൽദോ എബ്രഹാമിന്റെയും മകൾ സൂസൻ (**Tiya Susan Eldho**) 15.10.2017 ൽ മാമോദീസാ സ്വീകരിച്ചു.

എരൂർ കണിയാമ്പുഴ റോഡ് പൊറ്റാസിൽ ഡോ. ബെൻ വർക്കി ബെഞ്ചമിന്റെയും ഡോ. ഷാരോൺ ബെൻവർക്കി യുടെയും മകൻ ബെഞ്ചമിൻ (**Adhayeth Benjamin Varkey**) 24.10.2017 ൽ മാമോദീസാ സ്വീകരിച്ചു.

പനമ്പിള്ളി നഗർ G-318 ചിറമേൽ ശ്രീ തോമസ് ചിറമേൽ കോശിയുടെയും ശ്രീമതി റീന ജാനറ്റ് തോമസിന്റെയും മകൻ ജോഷ്വ (**Josh Koshy Thomas**) 28.10.2017 ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

### വിവാഹം

ചേരാനെല്ലൂർ എടയക്കുന്നം ഓലിക്കര വീട്ടിൽ എബ്രഹാം വർഗീസിന്റെയും ശ്രീമതി ലിസ്സാമ്മ എബ്രഹാമിന്റെയും മകൾ **Raisa Abraham**, കോതമംഗലം കുത്തുകുഴി മുണ്ടിക്കുടിയിൽ ശ്രീ എം. എം. വർഗീസിന്റെയും ശ്രീമതി മേരി വർഗീസിന്റെയും മകൻ **Jijo Vargheese** തമ്മിലുള്ള വിവാഹം 22.10.2017 ൽ മാരാമംഗലം കാദേശ് മാർ ഗീവർഗീസ് സഹദാപള്ളിയിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### വിശേഷ ദിവസങ്ങൾ

**നവംബർ**

| | |
|---|---|
| 08 ബുധൻ | പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവയുടെ ഓർമ്മ (ദേവലോകം) |
| 12 ഞായർ | ഹൂദോസ് ഈത്തോ ഞായർ |
| 19 ഞായർ | സക്കറിയയോടുള്ള അറിയിപ്പിന്റെ ഞായർ |
| 26 ഞായർ | വി. ദൈവമാതാവിനോടുള്ള അറിയിപ്പ് |

**ഡിസംബർ**

| | |
|---|---|
| 01 വെള്ളി | ഇരുപത്തിയഞ്ചു നോമ്പാരാംഭം |
| 03 ഞായർ | എലിസബത്തിന്റെ അടുക്കലേക്ക് മറിയമിന്റെ യാത്ര (വനിതാദിനം) |

## നിര്യാതരായി



എറണാകുളം അമ്മൻകോവിൽ റോഡ് നെല്ലിക്കൽ എൻ.സി. കുര്യാക്കോസ് (93 വയസ്സ്) 04.10.2017 ൽ നിര്യാതനായി. 06.10.2017 – ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



എറണാകുളം കാരിക്കാമുറി ക്രോസ് റോഡ്, കിഴക്കേ അറ്റത്ത് കെ.യു. ജേക്കബ്ബ് 22.10.2017ൽ നിര്യാതനായി. 23.10.2017ൽ കോട്ടയം പുത്തൻപള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Nov. 12 - 10.00 am, Nov. 19 - 07.00 am, Nov. 26 - 10.00 am, Dec. 03 - 07.00 am, |
| സെമിത്തേരിമുക്ക് ചാപ്പൽ: | Nov. 12 - 07.30 am, Nov. 26 - 7.30 am |

എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am

**ഇംഗ്ലീഷ് വി. കുർബ്ബാന**

എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ഇംഗ്ലീഷ് വി. കുർബ്ബാന, വൈകുന്നേരം 5.30 ന്

**ഭദ്രാസനതല മത്സരങ്ങളിൽ Group Songന് ഒന്നാം സ്ഥാനവും Districtതലത്തിൽ രണ്ടാം സ്ഥാനവും നേടിയ ദീപംസൺഡേസ്കൂൾ വിദ്യാർത്ഥിനികൾ**


Nakshathra Benny


Rinta Roy


Mayusha Sara Cherian

## ആദരാഞ്ജലികൾ



**കെ.യു. ജേക്കബ്ബ്** (93) ചാർട്ടേർഡ് അക്കൗണ്ടന്റ്, കിഴക്കേയറ്റത്ത്, കാരിക്കാമുറി ക്രോസ് റോഡ്, എറണാകുളം 22.10.2017 ൽ കർത്താവിൽ നിദ്രപ്രാപിച്ചു. 23.10.2017 ൽ കോട്ടയം പുത്തൻപള്ളിയിലെ കുടുംബ കല്ലറയിൽ സംസ്കരിച്ചു. ശുശ്രൂഷകൾക്ക് അഭിവന്ദ്യരായ യൂഹാനോൻ മാർ പോളികാർപ്പോസ്, ഗീവർഗ്ഗീസ് മാർ യൂലിയോസ് എന്നീ തിരുമേനിമാരും വന്ദ്യ പുന്നൂസ് കോർ എപ്പിസ്കോപ്പ, ശ്രേഷ്ഠ വൈദീകർ എന്നിവരും നേതൃത്വം നൽകി. പ.കാതോലിക്ക ബാവ അനുശോചനം അറിയിച്ചു.